# എൽ.ഡി.സി. സോൾവ്ഡ് പേപ്പർ

## തൃശ്ശൂർ 24-11-07

1. അക്ഷരശ്രേണിയിൽ വിട്ടുപോയത് പൂരിപ്പിക്കുക

MK, LN, OM,.................

(a) NL (b) NP (c) JL (d) KM

2. തടി കൊണ്ട് നിർമിച്ചതിൽ ചിലതെല്ലാം കസേരകളാണ് കസേരകൾക്ക് നാലു കാലുണ്ട്. എന്നാൽ താഴെ പറയുന്നവയിൽ ഏതാണ് ശരി ?

(a) തടികൊണ്ട് നിർമിച്ചതിനെല്ലാം നാലുകാലുണ്ട്

(b) കസേരകളെല്ലാം തടികൊണ്ട് നിർമിച്ചവയാണ്

(c) നാലുകാലുള്ളതെല്ലാം തടികൊണ്ട് നിർമിച്ചവയാണ്

(d) മേല്പറഞ്ഞ മൂന്നും ശരിയല്ല

3. WIN SET

$\frac{CAT}{ZJH}$ ആണെങ്കിൽ $\frac{???}{JUG}$ എന്നതിൽ വിട്ടുപോയതു പൂരിപ്പിക്കുക:

(a) PMQ (b) IPA (c) IQM (d) QPM

4. താഴെ കൊടുത്ത സംഖ്യാശ്രേണിയിലെ വിട്ടുപോയ സംഖ്യാ പൂരിപ്പിക്കുക

34, 39, 46, ........ 70

(a) 57 (b) 48 (c) 55 (d) 59

5. അക്ഷരശ്രേണിയിൽ വിട്ടുപോയത് പൂരിപ്പിക്കുക

HE, GJGD, .................. EHKNKHEB

(a) ILIF (b) HILIFE (c) FILIFC (d) FLIC

6. ഒരു മീറ്റർ തുണിക്ക് 20 രൂപാ നിരക്കിൽ 90 മീറ്റർ തുണി വാങ്ങി മീറ്ററിന് 22.5 രൂപാനിരക്കിൽ വിൽക്കുകയാണെങ്കിൽ എത്ര മീറ്റർ തുണി വിറ്റാൽ മുടക്കിയ രൂപ തിരികെ ലഭിക്കും ?

(a) 82 മീറ്റർ (b) 80 മീറ്റർ (c) 90 മീറ്റർ (d) 87.5 മീറ്റർ

7. $12.5 \div 2.5 - 0.5 + 0.75 =$

(a) 5.25 (b) 7 (c) 0.75 (d) 10

8. അഞ്ചുപേർ ഒരു വട്ടമേശയുടെ ചുറ്റും ഇരിക്കുകയാണ്. ഹരിയുടെ വലതുവശത്ത് രണ്ടാമതായി സന്തോഷും സന്തോഷിന്റെ ഇടതുവശത്ത് മൂന്നാമതായി മണിയും മണിയുടെ വലതുവശത്ത് രണ്ടാമതായി രവിയും രവിയുടെ വലതുവശത്ത് രണ്ടാമതായി രഘുവും ഇരിക്കുന്നു. എന്നാൽ ഹരിയുടെയും സന്തോഷിന്റെയും ഇടയ്ക്ക് ഇരിക്കുന്നതാരാണ് ?

(a) രഘു (b) മണി (c) രവി (d) സന്തോഷ്

9. തന്നിരിക്കുന്ന സംഖ്യാശ്രേണിയിലെ വിട്ടുപോയ സംഖ്യ പൂരിപ്പിക്കുക.

$2\frac{1}{3}, 1, \frac{1}{3}, 1\frac{2}{3}$,..................

(a) $-2\frac{1}{3}$ (b) 1 (c) $\frac{-2}{3}$ (d) -3

10. P, Q, R എന്നീ മൂന്നു സംഖ്യകളുടെ അനുപാതം 2 : 3 : 5ആണ് Q വും R വും കൂടി കൂട്ടിയതിൽ നിന്ന് P യും Q വും കൂട്ടി കൂട്ടിയതു കുറച്ചാൽ 36 ആണ് കിട്ടുന്നതെങ്കിൽ Q എത്ര ?

(a) 12 (b) 36 (c) 24 (d) 32

11. ഏറ്റവും ചെറിയ ഭിന്നസംഖ്യയേത് ?

(a) $\frac{3}{5}$ (b) $\frac{5}{6}$ (c) $\frac{4}{7}$ (d) $\frac{7}{8}$

12. മൂന്ന് ക്ലോക്കുകളിൽ ആദ്യത്തേത് രണ്ടാമത്തെ ക്ലോക്കിനെക്കാൾ 10 മിനുട്ട് പിറകോട്ടാണ്. മൂന്നാമത്തെ ക്ലോക്ക് ഒന്നാമത്തെ ക്ലോക്കിനെക്കാൾ 25 മിനുട്ട് മുമ്പോട്ടാണ്. മൂന്നാമത്തെ ക്ലോക്കിൽ 10 മണിയാകുമ്പോൾ രണ്ടാമത്തെ ക്ലോക്കിലെ സമയം എന്ത് ?



Unfiled Notes Page 1

(a) 9 മണി 45 മിനുട്ട് (b) 10 മണി 5 മിനുട്ട്

(c) 9 മണി 25 മിനുട്ട് (d) 10 മണി 15 മിനുട്ട്

13. രണ്ടു പേർ ചേർന്നു നടത്തുന്ന കച്ചവടത്തിലെ ലാഭത്തിന്റെ 60% ഒന്നാമനും 40% രണ്ടാമനും ആണ്. രണ്ടാമന് 200 രൂപ ലാഭ വിഹിതം കിട്ടിയെങ്കിൽ ഒന്നാമന്റെ ലാഭവിഹിതമെത്ര ?

(a) 80 (b) 120 (c) 300 (d) 400

14. രണ്ടു സംഖ്യകൾ 3 : 2 എന്ന അനുപാതത്തിലാണ് അവയോട് 4 വീതം കൂട്ടിയപ്പോൾ അനുപാതം 7 : 5 ആയാൽ അവയിൽ ചെറിയ സംഖ്യ ഏത് ?

(a) 8 (b) 35 (c) 20 (d) 16

15. ഒരാൾ 57.75 രൂപ മുടക്കിയപ്പോൾ 8.25 രൂപ ലാഭം നേടി എന്നാൽ 42.25 രൂപ ലാഭം കിട്ടാൻ എത്ര രൂപ മുടക്കേണ്ടി വരും ?

(a) 288.75 രൂപ (b) 295.75 രൂപ (c) 84.5 രൂപ (d) 91.75 രൂപ

16. START എന്ന പദം RRXNO എന്നെഴുതുന്ന കോഡുപയോഗിച്ച് FIRST എന്ന പദം എങ്ങനെയെഴുതാം ?

(a) EGOOO (b) EGOPQ (c) EGQRS (d) EHQRS

17. $\dfrac{\left(1\frac{1}{3}-\frac{1}{4}\right)}{\left(1\frac{1}{5}-\frac{1}{3}\right)}$ ഇതിൽ നിന്നും എത്ര കുറച്ചാൽ 1 കിട്ടും ?

(a) $2\frac{1}{4}$ (b) $\frac{1}{4}$ (c) $\frac{1}{2}$ (d) $1\frac{1}{4}$

18. P ഒരു ജോലി 6 ദിവസം കൊണ്ട് ചെയ്തുതീർക്കുന്ന അതേ ജോലി 3 ദിവസം കൊണ്ട് Q ചെയ്തു തീർക്കുന്നു. എന്നാൽ Pയും Q യും കൂടി ആ ജോലി ചെയ്തുതീർക്കാൻ എത്ര ദിവസം എടുക്കും ?

(a) 4 ദിവസം (b) 8 ദിവസം (c) 2 ദിവസം (d) 9 ദിവസം

19. ഒരു സംഖ്യയുടെ 20 ശതമാനത്തിൽ നിന്നും ആ സംഖ്യയുടെ 15 ശതമാനം കുറച്ചാൽ 16 ആണെങ്കിൽ സംഖ്യ എത്ര ?

(a) 80 (b) 240 (c) 300 (d) ഇതൊന്നുമല്ല

20. രാമു ഒരു മണിക്കൂർ പഠിച്ചു കഴിഞ്ഞാൽ 15 മിനുട്ട് കളിക്കാൻ ചെലവഴിക്കും. എന്നാൽ 4 മണിക്കൂർ സമയത്തിൽ എത്ര സമയം രാമു പഠിക്കാൻ വിനിയോഗിച്ചു ?

(a) 3 മണിക്കൂർ 15 മിനുട്ട് (b) 3 മണിക്കൂർ 45 മിനുട്ട്

(c) 3 മണിക്കൂർ (d) 3 മണിക്കൂർ 30 മിനുട്ട്

21. ജനഗണമന നമ്മുടെ ദേശീയഗാനം രചിച്ചതാര് ?

(a) രവീന്ദ്രനാഥടാഗോർ (b) ജയദേവൻ

(c) ബങ്കിംചന്ദ്രചാറ്റർജി (d) മുഹമ്മദ് ഇക്ബാൽ

22. യാമിനി കൃഷ്ണമൂർത്തി രുഗ്മിണി ദേവി എന്നിവർ പ്രശസ്തരായ. ഏതു നൃത്തരംഗത്ത് പ്രവർത്തിച്ചാണ് ?

(a) ഭരതനാട്യം (b) കുച്ചിപ്പുടി (c) മോഹിനിയാട്ടം (d) ഒഡീസ്സി

23. അർജുന അവാർഡ് ഇന്ത്യയിൽ നടപ്പാക്കിയ വർഷം

(a) 1955 (b) 1961 (c) 1958 (d) 964

24. ഇന്ത്യയിലെ ഏറ്റവും ഉയർന്ന സിവിലിയൻ അവാർഡ് ഏതാണ് ?

(a) പരമവീർ ചക്രം (b) ഭാരതരത്നം

(c) വിശിഷ്ടസേവാമെഡൽ (d) മഹാവീർചക്രം

25. ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്തയിൽ നിന്നും ഡൽഹിയിലേക്ക് മാറ്റിയ വർഷം ഏത് ?

(a) 1907 (b) 1912 (c) 1911 (d) 1902

26. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന ഭണാധികാരി.

(a) സുഭാഷ്ചന്ദ്രബോസ് (b) വി.കെ.കൃഷ്ണമേനോൻ

(c) സർദാർ വല്ലഭായി പട്ടേൽ (d) ഗോപാലകൃഷ്ണഗോഖലെ

27. ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്ന ചക്രവർത്തി

(a) ചന്ദ്രഗുപ്ത മൗര്യൻ (b) വിക്രമാദിത്യൻ

(c) അശോകൻ (d) സമുദ്രഗുപ്തൻ

28. ഇന്ത്യൻ റിസർവ്വ് ബാങ്ക് സ്ഥാപിതമായ വർഷം

(a) 1947 (b) 1931 (c) 1950 (d) 1935

29. ഇന്ത്യയിലെ ഹൈടെക്സിറ്റി ഏതാണ്

(a) ഡൽഹി (b) കൊൽക്കത്ത (c) മുംബൈ (d) ഹൈദരാബാദ്



Unfiled Notes Page 2

30. ഇന്ത്യയിലെ ആദ്യത്തെ ലോക്സഭാസ്പീക്കർ ആരാണ് ?
(a) എൻ.സഞ്ജീവ റെഡ്ഡി (b) ബൽറാം ത്ധാക്കർ
(c) ശിവരാജ് പാട്ടേൽ (d) ജി.വി.മാവ്‌ലങ്കർ

31. പാർലമെന്റ് എന്നാൽ ലോക്സഭയും രാജ്യസഭയും..................... ഉം ചേർന്നതാണ്
(a) ഉപരാഷ്ട്രപതി (b) സ്പീക്കർ (c) പ്രധാനമന്ത്രി (d) രാഷ്ട്രപതി

32. ഏറ്റവും ചെറിയ ലോക്സഭാ മണ്ഡലം ഏത് ?
(a) മാലദ്വീപ് (b) ലക്ഷദ്വീപ് (c) ഗോവ (d) ആലപ്പുഴ

33. ഷേർഷായുടെ യഥാർത്ഥ പേര് എന്തായിരുന്നു ?
(a) ഫൈസി (b) ബഹാദൂർ (c) മുഹമ്മദ് (d) ഫരീദ്

34. 'സിക്സ്ത് സെൻസ്' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആരാണ് ?
(a) ദീപാ മേത്ത (b) സത്യജിത് റേ (c) മണിരത്നം (d) മനോജ് ശ്യാമളൻ

35. 'ആധുനിക ഇന്ത്യയുടെ പിതാവ്' എന്നറിയപ്പെടുന്ന വ്യക്തി ആരാണ്
(a) ജവഹർലാൽ നെഹ്റു (b) മഹാത്മാഗാന്ധി
(c) രാജാറാം മോഹൻ റോയ് (d) സർദാർ വല്ലഭായി പട്ടേൽ

36. 'നിങ്ങൾ എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം - ഈ വാക്കുകൾ ആരുടേതാണ് ?
(a) ഭഗത്സിംഗ് (b) തിലക് (c) സുഭാഷ്ചന്ദ്രബോസ്
(d) ഇന്ദിരാഗാന്ധി

37. സംഗീതോപകരണങ്ങൾക്ക് പ്രസിദ്ധമായ ഇന്ത്യയിലെ ഒരു പട്ടണം ഏതാണ് ?
(a) സിന്ധ്രി (b) മദ്രാസ് (c) തഞ്ചാവൂർ (d) മുംബൈ

38. ഡോക്ടേഴ്സ് ദിനം ആയി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്
(a) അരുന്ധതി റോയി (b) ഡോ.ബി.സി.റോയി
(c) ഡോ.ശങ്കർദയാൽ ശർമ്മ (d) ഡോ.സി.വി.രാമൻ

39. 1910 ൽ ഗാന്ധിജി ട്രാൻസ് വാളിനടുത്ത് സ്ഥാപിച്ച ആശ്രമത്തിന്റെ പേരെന്ത് ?
(a) ഫീനിക് ഗ്രാമം (b) ടോൾസ്റ്റോയ് ഫാം
(c) ശാന്തിനികേതൻ (d) സബർമതി ആശ്രമം

40. ഇന്ത്യൻ പ്ലാനിങ് കമ്മീഷന്റെ ചെയർമാൻ ആരാണ് ?
(a) പ്രധാനമന്ത്രി (b) ധനകാര്യമന്ത്രി
(c) പ്രസിഡണ്ട് (d) ഒരു സാമ്പത്തികശാസ്ത്രജ്ഞൻ

41. പക്ഷികളെക്കുറിച്ചുള്ള പഠനശാഖയുടെ പേരെന്ത് ?
(a) ഓർണിത്തോളജി (b) ഇക്കോളജി (c) ആന്ത്രപ്പോളജി (d) സുവോളജി

42. ടെലിവിഷൻ കണ്ടുപിടിച്ചതാര് ?
(a) ന്യൂട്ടൺ (b) മാർക്കോണി
(c) ജോൺ ബയേർഡ് (d) ചാൾസ് ബാബേജ്

43. 1 ഹോഴ്സ് പവറിന് തുല്യമായതേത് ?
(a) 756 watts (b) 736 Watts (c) 726 Watts (d) 746 Watts

44. വിറ്റാമിൻ കെ യുടെ അഭാവം കൊണ്ടുണ്ടാകുന്ന ഒരു രോഗമാണ്.
(a) ബെറിബെറി (b) അനീമിയ
(c) സ്റ്റെറിലിറ്റി (d) നൈറ്റ് ബ്ലൈൻഡ്നസ് (നിശാന്ധത)

45. മനുഷ്യശരീരത്തിലെ ജലത്തിന്റെ അളവ് എത്ര ശതമാനമാണ് ?
(a) 45% (b) 65% (c) 35% (d) 25%

46. മണ്ണിൽനിന്നും ജലം വേരുകളിലേയ്ക്ക് പ്രവേശിക്കുന്നത് ഏത് പ്രക്രിയയുടെ ഫലമായിട്ടാണ് ?
(a) ഓസ്മോസിസ് (b) ഡിഫ്യൂഷൻ
(c) അബ്സോർബ്ഷൻ (d) ഇതൊന്നുമല്ല

47. വൈദ്യുതകാന്തം നിർമിക്കാനുപയോഗിക്കുന്ന ലോഹമാണ്
(a) ഇരുമ്പ് (b) ചെമ്പ് (c) പിച്ചള (d) പച്ചിരുമ്പ്

48. കമ്പ്യൂട്ടർ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന പ്രോഗ്രാമിന് വിളിക്കുന്ന പേരെന്ത് ?
(a) ഹാർഡ്വെയർ (b) മൈക്രോചിപ്പുകൾ
(c) സോഫ്റ്റ് വെയർ (d) റാം



Unfiled Notes Page 3

49. വിമാനങ്ങളിൽ ഉയരം അളക്കാൻ ഉപയോഗിക്കുന്നത്

(a) സ്പെക്ട്രോസ്കോപ്പ് (b) സ്പീഡോമീറ്റർ (c) അൾട്ടിമീറ്റർ (d) അമ്മീറ്റർ

50. ഒരു മരത്തിൽ നിന്നും താഴോട്ട് പതിക്കുന്ന ആപ്പിളിന്റെ വേഗത എത്ര ?

(a) 32ft/sec (b) 45 ft/sec (c) 22 ft/sec (d) 60 ft/sec

51. നോബൽസമ്മാനം നിരസിച്ച ഏക സാഹിത്യകാരൻ ആരാണ് ?

(a) ജീൻ പേൾ സാർത്ര് (b) ഡി.എച്ച്.ലോറൻസ്

(c) ദാരിയോഫോ (d) ഇംറേ കെർടോവ്

52. ഏതു വർഷമാണ് കേരളത്തിൽ ടെക്നോപാർക്ക് ആരംഭിച്ചത് ?

(a) 2001 (b) 1990 (c) 1995 (d) 2005

53. താഴെ പറയുന്നവയിൽ ഏതാണ് ട്രാൻസ്ഫർ ഇൻകം ?

(a) വീട്ടുവസ്തുക്കളിൽനിന്നുള്ള വാടക (b) എം.പി.മാരുടെ ശമ്പളം

(c) തൊഴിലില്ലായ്മ വേതനം

(d) ഷെയർ ഹോൾഡേഴ്സിനുള്ള കമ്പനി ഡിവിഡന്റ്

54. പാർലമെന്റിൽ അവതരിപ്പിക്കുന്ന ഒരു ബിൽ മണി ബിൽ ആണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ആര് ?

(a) പ്രസിഡണ്ട് (b) സ്പീക്കർ (c) ധനകാര്യമന്ത്രി (d) പ്രധാനമന്ത്രി

55. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ശ്രീ.എ.പി.ജെ.അബ്ദുൽകലാമിനെതിരെ മത്സരിച്ചതാര് ?

(a) ലക്ഷ്മി സൈഗാൾ (b) ഭൈറോൺ സിംഗ് ശെഖാവത്ത്

(c) ഡോ.പി.സി.അലക്സാണ്ടർ (d) സുശീൽകുമാർ ഷിൻഡെ

56. 'ഓറൽ റീഹൈഡ്രേഷൻ തെറാപ്പി ചികിത്സാരീതി ഏതു രോഗത്തിനുള്ളതാണ് ?

(a) ന്യൂമോണിയ (b) ടെറ്റനസ് (c) അതിസാരം (d) കോളറ

57. ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എവിടെ സ്ഥിതിചെയ്യുന്നു ?

(a) ബാംഗ്ലൂർ (b) പട്യാല (c) ഗ്വാളിയാർ (d) ഡൽഹി

58. 2007 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യൻ ടീമിൽ ഉൾപ്പെട്ട കേരളീയ ക്രിക്കറ്റർ

(a) യോഹന്നാൻ (b) ശ്രീശാന്ത്

(c) വി.വി.എസ്. ലക്ഷ്മണൻ (d) ടിനു

59. ബ്രിട്ടീഷ് സർക്കാരിന്റെ ഔദ്യോഗിക രേഖയുടെ പേരെന്ത് ?

(a) വെള്ള പുസ്തകം (b) നീല പുസ്തകം

(c) പച്ച പുസ്തകം (d) മഞ്ഞ പുസ്തകം

60. NEVA ടെസ്റ്റ് ഏതു രോഗം നിർണയിക്കാനാണ് നടത്തുന്നത്

(a) മഞ്ഞപ്പിത്തം (b) എയ്ഡ്സ് (c) ടൈഫോയ്ഡ് (d) ക്ഷയം

61. ആനകൂടിന് പ്രശസ്തമായ സ്ഥലം ഏതാണ്

(a) കോന്നി (b) പാലക്കാട് (c) മലമ്പുഴ (d) മൂന്നാർ

62. 1963 ൽ തിരുവനന്തപുരത്ത് ഗുരുഗോപിനാഥ് ആരംഭിച്ച കലാകേന്ദ്രം ഏതാണ്

(a) വിശ്വകലാകേന്ദ്രം (b) കലാമണ്ഡലം (c) മാളവിക (d) നാട്യസംഘം

63. കേരളത്തിൽ സഹ്യന് കുറുകെയുള്ള ഏറ്റവും വലിയ ചുരം ഏതാണ് ?

(a) താമരശ്ശേരിചുരം (b) പാലക്കാട് ചുരം

(c) പെരുമ്പാടിചുരം (d) ആര്യങ്കാവ് ചുരം

64. കേരളത്തിലെ ചെഷെയർ ഹോം സ്ഥിതിചെയ്യുന്നതെവിടെയാണ്?

(a) കോട്ടയത്ത് (b) തിരുവനന്തപുരത്ത്

(c) കോഴിക്കോട് (d) വിഴിഞ്ഞത്ത്

65. ഭാഷാദർപ്പണം എന്ന ഗ്രന്ഥത്തിന്റെ കർത്താവാരാണ്

(a) വള്ളത്തോൾ നാരായണമേനോൻ (b) എ.ആർ. രാജരാജവർമ്മ

(c) കുമാരനാശാൻ (d) ആറ്റൂർ കൃഷ്ണപിഷാരടി

66. കാർട്ടൂണിസ്റ്റ് ശങ്കർ പ്രസിദ്ധീകരിച്ചുവന്ന 'ശങ്കേഴ്സ് വീക്കിലി യുടെ മുദ്ര എന്തായിരുന്നു.

(a) കഴുതപ്പുറത്ത് ചെണ്ടക്കാരൻ (b) രണ്ട് ആനകൾ

(c) രണ്ട് സിംഹങ്ങൾ (d) ആനപ്പുറത്തേറിയ ആനക്കാരൻ

67. കേരളത്തിൽ ആദ്യം സമ്പൂർണ സാക്ഷരതാ നേടിയ ജില്ല ഏത് ?

(a) എറണാകുളം (b) തിരുവനന്തപുരം

(c) കോഴിക്കോട് (d) കോട്ടയം

68. ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളിയായ നീന്തൽ താരം.

(a) സെബാസ്റ്റ്യൻ സേവ്യർ (b) പി.ടി.ഉഷ

(c) ടിനു യോഹന്നാൻ (d) ശ്രീശാന്ത്

69. തിരുവിതാംകൂറിന്റെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്.



Unfiled Notes Page 4

(a) അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ
(b) ശ്രീ ചിത്തിരതിരുനാൾ മാർത്താണ്ഡവർമ്മ
(c) അശ്വതിത്തമ്പുരാട്ടി (d) ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ

70. കളരിപ്പയറ്റിലെ അവസാനത്തെ (പതിനെട്ടാമത്തെ) അടവിന്റെ പേരെന്താണ് ?
(a) അങ്കത്താരി (b) കോൽത്താരിയങ്കം
(c) വെറുംകൈ (d) പുഴിക്കടകൻ

71. I........... all the rooms before left the house.
(a) have locked (b) locked (c) am locking (d) was locked

72. I........ the manager at seven O'clock tomorrow morning
(a) met (b) meets (c) had met (d) am meeting

73. He .......... by his uncle
(a) was helped (b) helps (c) helped (d) will help

74. We .................... how to solve the problem
(a) did do (b) tell (c) don't know (d) told

75. Please stop................, you are disturbing the others in the library
(a) talk (b) talks (c) have talk (d) talking

76. It is ................. your own interest to pay all taxes honestly.
(a) in (b) for (c) on (d) at

77. The patient was breathing ............ difficulty
(a) of (b) with (c) against (d) on

78. We..........here for an hour
(a) waits (b) been waiting
(c) have waiting (d) have been waiting

79. How long ................. the journey take ?
(a) is (b) is going to (c) will (d) ago

80. The best candidate should be appointed .............. the post
(a) from (b) to (c) of (d) on

81. The synonym of obstinate is
(a) exact (b) strange (c) stern (d) stubborn

82. The synonym of winsome is
(a) charming (b) barbarous (c) prosper (d) instruct

83. The antonym of acquit is:
(a) defeat (b) relax (c) condemn (d) indigenous

84. The antonym of rigid is
(a) clear (b) polite (c) dangerous (d) flexible

Directions (Q.No. 85-87) : In which part of the sentence is the mistake ?

85. Inspite of having (a) / many fault (B) / he was a good man (C) / at heart (D)

86. The men manage (A) / to survive (B) / even though they (C) / were without water for three days. (D)

87. Much unknown plants (A) / and animals are disappearing (B)/ as the tropical forests (c) / are destroyed (d) /

88. Potatoes and onions............... from sprouting by a new technology using radiations
(a) are preventing (b) prevented (c) are prevented (d) is prevented

89. You have only half an hour left, so you'd better .................... the most of it.
(a) made (b) make (c) do (d) does

90. The correctly spelt word is:
(a) simultneous (b) saimultaneous (c) simultaneous (d) simultanios

91. 'കുടിയൊഴിക്കൽ' എന്ന കൃതിയുടെ കർത്താവ്
(a) ചങ്ങമ്പുഴ (b) ഇടശ്ശേരി
(c) വൈലോപ്പിള്ളി (d) പി.കുഞ്ഞിരാമൻനായർ

92. ശരിയായ പ്രയോഗമേത് ?
(a) പ്രതിനിധീകരിക്കുക (b) പ്രതിനിധികരിക്കുക
(c) പ്രതിനിതീകരിക്കുക (d) പ്രതിനിധീകരിക്കുക

93. 'താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയൊരലാറം
ഈ വരികളിലെ വൃത്തം



Unfiled Notes Page 5

(a) മാലിനി (b) ഇന്ദ്രവജ്ര (c) ഉപേന്ദ്രവജ്ര (d) ഇന്ദുവദന

94. കൺ +നീർ = കണ്ണീർ - ഈ പദത്തിലെ സന്ധി :
(a) ആദേശം (b) ആഗമം (c) ദ്വിത്വം (d) ലോപം

95. 'മഞ്ജുഷ' ശബ്ദത്തിന്റെ അർത്ഥം
(a) തേൻ (b) കാർചിലമ്പ് (c) പൂക്കൂട (d) അരഞ്ഞാണം

96. തെറ്റായ വാക്യമേത് ?
(a) അവൻ നിന്നെ ആശ്രയിച്ചതു വേറെ ഗതിയില്ലാഞ്ഞിട്ടാണ്
(b) അവൻ നിന്നെ ആശ്രയിച്ചതു മറ്റൊരു ഗതിയില്ലാഞ്ഞിട്ടാണ്
(c) അവൻ നിന്നെ ആശ്രയിച്ചതു ഗത്യന്തരമില്ലാഞ്ഞിട്ടാണ്
(d) അവൻ നിന്നെ ആശ്രയിച്ചതു വേറെ ഗത്യന്തരമില്ലാഞ്ഞിട്ടാണ്

97. തെറ്റായ രൂപമേത് ?
(a) അഞ്ജലി (b) അഞ്ജനം (c) അജ്ഞലി (d) അജ്ഞാനം

98. To set free ഈ പ്രയോഗത്തിന്റെ അർത്ഥമെന്ത് ?
(a) സ്വതന്ത്രമാക്കുക (b) സ്വാതന്ത്ര്യംനേടുക
(c) സ്വതന്ത്രമാകുക (d) സ്വാതന്ത്ര്യം പ്രഖ്യാപിക്കുക

99. He washed his hands of the charges of bribery - തർജ്ജമ ചെയ്യുക
(a) കൈക്കൂലി പിടിച്ചപ്പോൾ അവൻ കൈകഴുകി
(b) കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ നിന്നും അവൻ പിൻവലിഞ്ഞു
(c) കൈക്കൂലി വാങ്ങിയപ്പോൾ അവൻ കൈയ്യോടെ പിടിക്കപ്പെട്ടു
(d) കൈക്കൂലി പിടിക്കപ്പെട്ടപ്പോൾ അവൻ നിഷേധിച്ചു

100. "Walls have ears" എന്ന പഴഞ്ചൊല്ലിന്റെ ആശയമെന്ത് ?
(a) ചുമരുകൾ ചെവിയോർക്കും
(b) ഉറക്കെപ്പറഞ്ഞാൽ ചുമരും കേൾക്കും
(c) ചുമരുകൾക്കുപോലും ചെവിയുണ്ട്
(d) ചുമരുകൾക്കപ്പുറത്തുനിന്നും ചെവിയോർത്ത് രഹസ്യങ്ങൾ പോലും പരസ്യമാകും

## എൽ.ഡി.സി. സോൾവ്ഡ് പേപ്പർ തൃശ്ശൂർ

## ANSWER KEY

1. (b) 2. (d) 3. (d) 4. (a) 5. (c) 6. (b) 7. (a) 8. (c) 9. (d)
10. (b) 11. (c) 12. (a) 13. (c) 14. (d) 15. (b) 16. (a) 17. (b) 18. (c)
19. (d) 20. (a) 21. (a) 22. (a) 23. (b) 24. (b) 25. (b) 26. (c) 27. (d)
28. (d) 29. (d) 30. (d) 31. (d) 32. (b) 33. (d) 34. (d) 35. (c) 36. (c)
37. (c) 38. (b) 39. (b) 40. (a) 41. (a) 42. (c) 43. (d)
44. ശരിയുത്തരമില്ല 45. (b) 46. (d) 47. (d) 48. (c) 49. (c)
50. (a) (9.8 m/s feet ലേക്ക് മാറ്റണം)
51. (a) 52. (b) 53. (c) 54. (b) 55. (a) 56. (c) 57. (c)
58. (b) 59. (b)
60. (b) 61. (a) 62. (a) 63. (b) 64. (b) 65. (d) 66. (a) 67. (a) 68. (a)
69. (a) 70. (d) 71. (b) 72. (d) 73. (a) 74. (c) 75. (d) 76. (a) 77. (b)
78. (d) 79. (c) 80. (b) 81. (d) 82. (a) 83. (c) 84. (d) 85. (b) 86. (a)
87. (a) 88. (c) 89. (b) 90. (c) 91. (c) 92. (d) 93. (b) 94. (a) 95. (c)
96. (d) 97. (c) 98. (a) 99. (b) 100. (c)



Unfiled Notes Page 6